KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.43/PR/PIC/PHQ/18 Date : 27.02.2018

# സസ്പെൻഡ് ചെയ്തു

തിരുവനന്തപുരം റൂറൽ ജില്ലയിലെ കഠിനംകുളം പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങിയതിനെ സംബന്ധിച്ച് വന്ന വാർത്തയിന്മേൽ നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കഠിനംകുളം പോലീസ് സ്റ്റേഷനിലെ അഡീഷണൽ എസ്.ഐ. ഷിബു.എസ്.വി.ദാസ്, KILO 43-ൽ ഡ്രൈവറായി ജോലിനോക്കിവരുന്ന ഡ്രൈവർ എസ്.സി.പി.ഒ. 3836 ജി.രാജീവ് എന്നിവരെ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി പി.അശോക് കുമാർ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. മേൽപ്പറഞ്ഞ പോലീസ് ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങിയ വിവരം വീഡിയോഗ്രാഫ് ചെയ്ത് വാർത്ത പുറത്തുകൊണ്ടുവന്ന വ്യക്തിക്ക് ഉചിതമായ പാരിതോഷികവും നൽകും. ഇത്തരത്തിൽ പോലീസ് ഉദ്യോഗസ്ഥർക്കിടയിലുള്ള അഴിമതി വിവരം തെളിവുകൾ സഹിതം പുറത്തുകൊണ്ടുവരുന്നവർക്ക് തുടർന്നും അർഹമായ പാരിതോഷികം നൽകുമെന്നും അദ്ദേഹം അറിയിച്ചു.

***********